C 23686 (Pages : 3) Name..................................

Reg. No..............................

# SECOND SEMESTER B.Ed. DEGREE EXAMINATION, JUNE 2017

## Edu 9.4—PEDAGOGIC PRACTICE IN MALAYALAM

Time : Three Hours Maximum : 80 Marks

### Part A

എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും 2 മാർക്കു വീതം.

1. അർത്ഥമെഴുതുക :

   (a) ദേശികൻ. (b) ജീമൂതം.

   (c) കൗമുദി. (d) കനിഷ്ഠൻ.

2. അവശ്യപൂർവ്വ പ്രാപ്തി എന്നാലെന്ത് ? ഗദ്യപാഠത്തിൽനിന്നും ഒരു ഉദാഹരണം നൽകുക.

3. ഡിക്കോഴ്സ് അഥവാ വ്യവഹാര രൂപങ്ങൾ എന്നാലെന്ത് ? **രണ്ട്** ഉദാഹരണങ്ങൾ നിർദ്ദേശിക്കുക.

4. ഹയർസെക്കൻഡറി രണ്ടാം വർഷത്തെ 'തനതിടം' എന്ന യൂണിറ്റിന് പാഠസൂചനയുടെ ഒരു പ്രോജക്ട് വിഷയം നിർദ്ദേശിക്കുക.

5. വാർഷികാസൂത്രണം എന്നാലെന്ത് ? ഇതിൻെറ പ്രാധാന്യമെന്ത് ?

6. പാഠപുസ്തകത്തിൻെറ ആഭ്യന്തര ബാഹ്യഗുണങ്ങൾക്ക് **രണ്ട്** ഉദാഹരണം വീതം എഴുതുക.

7. മൈക്രോ ടീച്ചിംഗ് 'സൈക്കിൾ'-ലെ പ്രധാന ഘട്ടങ്ങൾ ഏവ ?

8. മലയാളത്തിലെ **നാല്** ആത്മകഥകളുടെയും അവയുടെ കർത്താക്കന്മാരുടെയും പേരെഴുതുക.

9. അനന്തമജ്ഞാതമവർണ്ണനീയമീലാകഗോളം തിരിയുന്ന മാർഗ്ഗം
   അതിങ്കലെങ്ങാണ്ടൊരിടത്തിരുന്ന് നോക്കുന്ന മർത്യൻ കഥയെന്തു കണ്ടു ?

   —ഈ വരികളെ ആധാരമാക്കി ഹൈസ്കൂൾ തലത്തിൽ നൽകാവുന്ന **രണ്ടു** പ്രവർത്തനങ്ങൾ നിർദ്ദേശിക്കുക.

10. ചേഷ്ടാവാദം അവതരിപ്പിച്ച പ്രധാന **രണ്ട്** സൈദ്ധാന്തികർ ആരെല്ലാം ?

(10 × 2 = 20 marks)

Turn over

Scanned with CamScanner

## Part B

ഏതെങ്കിലും പത്തു ചോദ്യത്തിന് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും 4 മാർക്കു വീതം.

11. പെഡഗോജിക്ക് അനാലിസിസ് (ബോധനോന്മുഖ അപഗ്രഥനം) എന്നാലെന്ത് ? എന്തിന് ?

12. കുറിപ്പ് തയ്യാറാക്കുക : ജ്ഞാനനിർമ്മിതവാദം ക്ലാസ്സ് മുറിയിൽ.

13. "കാർമുകിലിന് ഗദ്യത്തിൽ ഒരർച്ചനാ ഗീതം എന്ന പാഠത്തിൻെറ രചയിതാവിനെ നിങ്ങൾ എങ്ങനെ പരിചയപ്പെടുത്തും ? അദ്ദേഹത്തെക്കുറിച്ച് നിങ്ങൾ അവതരിപ്പിക്കുന്ന പ്രധാന കാര്യങ്ങൾ എന്തെല്ലാമായിരിക്കും ?"—വിവരിക്കുക.

14. കുറിപ്പ് തയ്യാറാക്കുക : ആധുനിക മലയാള കവിത.

15. മലയാള അദ്ധ്യാപനത്തിന് ഉപയോഗിക്കാവുന്ന നാല് ദൃശ്യ-ശ്രവ്യ ഉപകരണങ്ങളുടെ പേരെഴുതുക. അവ ഉപയോഗിക്കുന്ന സന്ദർഭങ്ങൾ വിവരിച്ചെഴുതുക.

16. സാമൂഹിക വിഭവങ്ങൾ എന്നാലെന്ത് ? പ്രധാന സാമൂഹിക വിഭവങ്ങൾ ഏതെല്ലാം ?

17. ഹയർ സെക്കൻഡറി ഒന്നാംവർഷ പാഠപുസ്തകത്തിലെ 'സന്ദർശനം' എന്ന കവിതയുടെ പ്രതിപാദ്യം എന്തെന്ന് വിവരിച്ച് കവിത പഠിപ്പിക്കുവാൻ ഉചിതമായ ഒരു പ്രാരംഭ പ്രവർത്തനം തയ്യാറാക്കുക.

18. ഹൈസ്കൂൾതല ഭാഷാ പാഠപുസ്തകങ്ങൾ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ എന്തെല്ലാം ? വിവരിക്കുക.

19. വായനാമൂല എന്നാലെന്ത് ? ഭാഷാബോധനത്തിൽ വായനാമൂല എങ്ങനെ പ്രയോജനപ്പെടുത്താം ?

20. സിദ്ധിശോധകം എന്നാലെന്ത് ? സിദ്ധിശോധകത്തിൻെറ നിർമ്മാണ ഘട്ടങ്ങൾ വിവരിക്കുക.

21. കുറിപ്പ് തയ്യാറാക്കുക : 'മലയാളത്തിലെ കൃഷ്ണകവിതകൾ'.

22. എട്ടാംതരം അടിസ്ഥാന പാഠാവലിയിൽ ചേർത്തിട്ടുള്ള എം.ടി. വാസുദേവൻ നായരുടെ കഥയാണ് 'കുപ്പായം'—ഈ കഥയ്ക്ക് ഒരാസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

(10 × 4 = 40 marks)

Scanned with CamScanner

## Part C

ഏതെങ്കിലും രണ്ട് ചോദ്യത്തിന് ഉത്തരമെഴുതുക.

ഓരോന്നിനും 10 മാർക്കു വീതം.

23. താഴെ തന്നിരിക്കുന്ന വിശദപാഠാസൂത്രണം തയ്യാറാക്കുക :

'എന്റെ ഗുരുനാഥൻ'—വള്ളത്തോൾ നാരായണ മേനോൻ.

**അല്ലെങ്കിൽ**

പൂക്കളും ആണ്ടറുതികളും—വി.ടി. ഭട്ടതിരിപ്പാട്.

24 പത്താം തരത്തിൽ പഠിക്കുന്ന ഒരു കുട്ടിയെ നിരന്തരമൂല്യനിർണ്ണയത്തിന് വിധേയമാക്കി ഗ്രേഡ് നൽകുന്ന പ്രക്രിയയുടെ എല്ലാ മാനദണ്ഡങ്ങൾ വിശദീകരിക്കുക.

25 ബഹുമുഖബുദ്ധി സിദ്ധാന്തം എന്നാലെന്ത് ? പ്രധാന ബുദ്ധിമാനങ്ങൾ ഉദാഹരണസഹിതം വിശദമാക്കുക. ക്ലാസ്സ് മുറിയിൽ ഈ സിദ്ധാന്തം എങ്ങനെ പ്രായുക്തമാക്കാം ? വിശദീകരിക്കുക.

(2 × 10 = 20 marks)

Scanned with CamScanner